**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 159** **22-02-2022 - ൽ മറുപടിയ്ക്ക്**

**മാനസികാരോഗ്യ പരിപാലന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് മാനസികാരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിലെ മാനസികാരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 16 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ മാസവും കൃത്യമായി ക്ലിനിക്കുകൾ നടത്തപ്പെടുന്നു. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിലുള്ള മാനസികാരോഗ്യ ടീം എല്ലാ മാസവും ക്ലിനിക്കുകൾ സന്ദർശിക്കുകയും രോഗികൾക്ക് സൗജന്യ മനഃശാസ്ത്ര ചികിത്സയും, മരുന്നുകളും ലഭ്യമാക്കുകയും ചെയ്യുന്നു. ഈ പരിപാടിയുടെ ഭാഗമായി സമ്പൂർണ്ണ മാനസികാരോഗ്യ ക്ലിനിക്കുകളും, ആശ്വാസ് ക്ലിനിക്കുകളും കോട്ടയം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട കുടുബാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തപ്പെടുന്നു. കൂടാതെ ഡി. എം. എച്ച് പി യിൽ മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക്ക് സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ്, ക്ലാർക്ക്, അറ്റൻഡർ തുടങ്ങിയവരുടെ സേവനം ലഭ്യമാണ്. രോഗികളുടെ പുനരധിവാസത്തിനായി രണ്ട് ഡേ കെയർ സെന്ററും പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ രോഗികൾക്ക് പുനരധിവാസവും തൊഴിൽ പരിശീലനവും ലഭ്യമാക്കിവരുന്നു. ഈ പ്രോഗ്രാമിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത് ജില്ലാ മെഡിക്കൽ ഓഫീസർ അദ്ധ്യക്ഷനായിട്ടുള്ള മേൽനോട്ട സമിതിയാണ് ഇതിനോടനുബന്ധിച്ച് സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാമും നടത്തപ്പെടുന്നു. സ്കൂൾ കുട്ടികളുടെ മാനസികാരോഗ്യ പരിപാലനം ലക്ഷ്യം വെച്ചുകൊണ്ട് പരിശീലന പരിപാടികൾ നടത്തുകയും ആവശ്യമുള്ള കുട്ടികൾക്ക് ക്ലിനിക്കൽ ടീമിന്റെ സേവനവും ലഭ്യമാക്കി വരുന്നു. കൂടാതെ കോവിഡ് രോഗികൾക്കും നിരീക്ഷണത്തിൽ കഴിയുന്നവർക്കും ഓൺ ലൈനായി |

| | | | |
|---|---|---|---|
| | | | മാനസികാരോഗ്യ സേവനങ്ങൾ നൽകി വരുന്നു. മാനസികാരോഗ്യ സേവനങ്ങൾ നൽകുന്നതിനായി രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ പൊതുജനങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പർ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| SPM Manasikarogam Clinic | | DMHP Clinic | |
|---|---|---|---|
| Sl.No | Name of PHC | Sl. No | Clinic |
| 1 | P.H.Centre, Vazhoor | 1 | P.H.Centre, Panachikkad |
| 2 | P.H.Centre, Kooroppada | 2 | C.H.Centre, Kumarakam |
| 3 | P.H.Centre, Kuruppanthara | 3 | C.H.Centre, Edayazhakam |
| 4 | P.H.Centre, Veliynnoor | 4 | C.H.Centre, Thalayolaparamp |
| 5 | P.H.Centre, Panachikad | 5 | C.H.Centre, Arunootimangalam |
| 6 | P.H.Centre, Thiruvarppe | 6 | C.H.Centre, Koodalloor , |
| 7 | P.H.Centre, Meenachal | 7 | C.H.Centre, Mundankunnu |
| 8 | P.H.Centre, Bramangalam | 8 | C.H.Centre, Koottikkal |
| 9 | P.H.Centre, Madappally | 9 | C.H.Centre, Ullanadu |
| 10 | P.H.Centre, Manimala | 10 | C.H.Centre, Erumeli |
| 11 | P.H.Centre, Maravanthurutha | 11 | C.H.Centre, Karukachal |
| 12 | P.H.Centre, Mukanakkary | 12 | C.H.Centre, Edyirikapuzha |
| 13 | P.H.Centre, Mutholy | 13 | C.H.Centre, Marangattuppally |
| 14 | P.H.Centre, Eratupetah | 14 | C.H.Centre, Edamaruku |
| 15 | P.H.Centre, Onanamthuruthu | 15 | C.H.Centre, Mundakayam |
| 16 | P.H.Centre, Athirampuzha | 16 | C.H.Centre, paika |
| 17 | P.H.Centre, Moonilave | 17 | General Hospital , Kottayam |
| 18 | P.H.Centre, Udayanapuram | 18 | General Hospital , Kanjirappally |
| 19 | P.H.Centre, Koottikal | 19 | General Hospital , Changanasserry |
| 20 | P.H.Centre, Paippad | 20 | Taluk Hospital, Vaikam |
| 21 | P.H.Centre, Parampuzha | | |
| 22 | P.H.Centre, Thalayazham | | |
| 23 | P.H.Centre, Nattakam | | |
| 24 | P.H.Centre, Pallikkathodu | | |
| 25 | P.H.Centre, Manadom | | |
| 26 | F.H Centre, Velloor | | |
| 27 | F.H Centre, Mundankunnu | | |
| 28 | F.H Centre, Kadapplamattom | | |

| | | | |
|---|---|---|---|
| 29 | F.H Centre, Kallara | | |
| 30 | F.H Centre, Parathode | | |
| 31 | F.H Centre, Poonjar | | |
| 32 | F.H Centre, Marangattupally | | |
| 33 | F.H Centre, Manarkad | | |
| 34 | F.H Centre, Vellavoor | | |

Section Officer